LIBRARY ARCHIVES Kerala Legislative Assembly

പരിയാരം ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

265(3190) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണത്തിന് 2.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) പ്രവൃത്തി ഇതുവരെ തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ചെയ്യാൻ വേണ്ടുന്ന ഇൻവെസ്റ്റിഗേഷൻ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഡിസൈൻ ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പണി ടെണ്ടർ വിളിക്കുന്നതാണ്. ടെണ്ടർ നടപടികൾ ഉൾപ്പെടെ 6 മാസത്തിനകം പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പെരിങ്ങോം വയക്കര ഗവ.ഹയർസെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം

266(3191) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പെരിങ്ങോം വയക്കര പഞ്ചായത്തിലെ വയക്കര ഗവ. ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പെരിങ്ങോം വയക്കര പഞ്ചായത്തിലെ വയക്കര ഗവ.ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനുള്ള ക്വട്ടേഷൻ അംഗീകാരം 3-12-2014-ലെ ജി.ഒ.(ആർ.റ്റി) നമ്പർ.1672/2014/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം എഗ്രിമെന്റ് വച്ച് ഒരു മാസത്തിനുള്ളിൽ പണികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പാലക്കടവ് പാലം

267(3192) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പാലക്കടവ് പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി എന്ന് ലഭിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) നിർദ്ദിഷ്ട പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു.

കാങ്കോൽ-ചീമേനി റോഡ്

268(3193) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കാങ്കോൽ ചീമേനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;